LIBRARY ARCHIVES Kerala Legislative Assembly

മാളയിലെ യഹൂദരുടെ സിനഗോഗും ശ്മശാനവും സംരക്ഷിക്കുന്നതിന് നടപടി

88 (5259) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാളയിലെ യഹൂദരുടെ സിനഗോഗും ശ്മശാനവും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സിനഗോഗിന്റെ സംരക്ഷണത്തിന് വേണ്ടി സർക്കാർ നടത്തിവരുന്ന പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതിയും ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സിനഗോഗും ശ്മശാനവും സംരക്ഷിച്ച് നമ്മുടെ ചരിത്ര സ്മാരകങ്ങളായി നിലനിർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൃശൂർ ജില്ലയിൽപ്പെടുന്ന മാളയിലെ യഹൂദരുടെ സിനഗോഗ്, ശ്മശാനം എന്നിവയുടെ സംരക്ഷണ പ്രവർത്തന നടത്തിപ്പു ചുമതല തൃശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനാണ്. ഇതിനായി അവർക്ക് അനുവദിച്ച ടൂറിസം ഫണ്ടുപയോഗിച്ച് സിനഗോഗിന്റെ സംരക്ഷണപ്പണികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സിനഗോഗിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പണികളുടെ നടത്തിപ്പു ചുമതല ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനും സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന്റെ ചുമതല കേരള പുരാവസ്തു വകുപ്പിനുമാണ്. 2010 ആഗസ്റ്റ് മാസാവസാനത്തോടെ പണികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

പി. കെ. കാളന്റെ സ്മരണ നിലനിർത്താൻ നടപടി

89 (5260) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രമുഖ ആദിവാസി നേതാവും കേരള ഫോക് ലോർ അക്കാഡമിയുടെ മുൻ ചെയർമാനുമായിരുന്ന ശ്രീ. പി. കെ. കാളന്റെ സ്മരണ നിലനിർത്താൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്മാരക നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി. കെ. കാളന്റെ സ്മരണാർത്ഥം നാടൻ കലാരംഗത്ത് പ്രശസ്ത സേവനം നൽകുന്ന കലാകാരന്/ഗവേഷകന് 1,00,000 രൂപയുടെ പി. കെ. കാളൻ പുരസ്കാരം രണ്ടുവർഷമായി നൽകിവരുന്നു. ഫോക്‌ലോർ അക്കാദമി ജേർണലായ "പൊലി"യുടെ ഒരു ലക്കം പി. കെ. കാളൻ പതിപ്പായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വർഷം തോറും പി. കെ. കാളൻ അനുസ്മരണ സമ്മേളനം നടത്തിവരുന്നുണ്ട്. ഇദ്ദേഹത്തിന്റെ പേരിൽ ഒരു സ്മാരകം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളതും ഇതിനായി 2010 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

(സി) സ്മാരകം എവിടെ നിർമ്മിക്കണമെന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുത്തശേഷം നിർമ്മാണം ആരംഭിക്കുന്നതാണ്.

കൊണ്ടോട്ടിയിലെ മോയിൻകുട്ടി വൈദ്യർ സ്മാരകം

90 (5261) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടിയിലെ മോയിൻകുട്ടി വൈദ്യർ സ്മാരകത്തിൽ മാപ്പിള കലകളുടെയും, സാഹിത്യത്തിന്റെയും പഠനത്തിന് ഏതെല്ലാം കോഴ്സുകൾ/ പഠനങ്ങൾക്കുള്ള സൗകര്യമുണ്ട്, വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പഠനങ്ങൾക്ക് സർക്കാർ നൽകിയ ഗ്രാന്റ് അവസാനിക്കാറായോ ; എങ്കിൽ തുടർന്നും സഹായം ലഭ്യമാക്കുമോ ;

(സി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചപ്പോൾ വകുപ്പിന്റെ കീഴിലുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ വിട്ടുപോയത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ പൗരാവകാശരേഖ ഇതു കൂടി ഉൾക്കൊള്ളിച്ച് പുനഃപ്രസിദ്ധം ചെയ്യുമോ ?

ഉത്തരം

(എ) 2008 മുതൽ മഹാകവി മോയിൻകുട്ടി വൈദ്യർസ്മാരക സെന്റർ ഫോർ സ്റ്റഡീസ് ആന്റ് റിസർച്ച് ഓൺ ഫോക്ക് & മാപ്പിള ആർട്സ് (സ്കാർഫ്) എന്ന പേരിൽ ഒരു മാപ്പിള പഠനകേന്ദ്രം കൊണ്ടോട്ടിയിലെ മോയിൻകുട്ടി വൈദ്യർ സ്മാരകത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഉപകേന്ദ്രമായ കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ മാപ്പിള കലാപഠന ഗവേഷണ കേന്ദ്രവും ആരംഭിച്ചിട്ടുണ്ട്. ഇവിടെ മാപ്പിളപ്പാട്ട്, ഒപ്പന, ദഫ്, അറബന, കോൽക്കളി, വട്ടപ്പാട്ട് എന്നീ ഇനങ്ങളിൽ പരിശീലനം നൽകി വരുന്നുണ്ട്. മാപ്പിള കലാ പരിശീലനത്തിനായി ക്ലാസ് മുറികളടക്കം ഭൗതിക സൗകര്യങ്ങളും ഉപകരണങ്ങളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly